(ബി&സി) പ്രധാനപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 12 റെയിൽവേ ഓവർബ്രിഡ്ജുകൾ ഏറ്റെടുക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രധാനപ്പെട്ട പാലങ്ങളുടെയും റോഡുകളുടെയും പണികൾ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് റീടാർ ചെയ്യുന്നതിന് നടപടി

105(516) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ കണ്ണിപള്ളി-മുക്കോല റോഡ് റീടാർ ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്ത കരാറുകാരനും ഡിപ്പാർട്ടുമെന്റുമായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഇപ്പോൾ പ്രസ്തുത റോഡിൽ പുതിയ ജോലികൾ ഒന്നും ഏറ്റെടുക്കാൻ നിർവ്വാഹമില്ല. കേസ്സ് തീർപ്പാക്കുന്ന മുറയ്ക്ക് റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി

(517) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് പി.ഡബ്ല്യു.ഡി. റോഡ്സ് ഡിവിഷന്റെ നിയന്ത്രണത്തിലുള്ള മൂന്നാനകുഴി-സിൽക്കുഫാം-വള്ളിയറുപ്പൻകോട്, വട്ടപ്പാറ കുറ്റിയാണി, നെടുമങ്ങാട് മഞ്ച അരുവിക്കര, കെൽട്രോൺ ജംഗ്ഷൻ-കുമ്മി അരുവിക്കര, ആറ്റിൻപുറം-പാലം, ചാണിച്ചൽ കടവ്, കളത്തുകാൽ, ഇരുമ്പ-കളത്തുകാൽ, കാച്ചാണി റോഡുകൾ വർഷങ്ങളായി ഗതാഗതയോഗ്യമല്ലാതായി കിടക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡുകൾ നന്നാക്കുന്നതിനുവേണ്ടി 24-5-2000-ൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനു നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly